**കേരള സർക്കാർ**

നം. 389/ഡി സി.1/18/ തസ്വഭവ (i)

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം, തീയതി : 20.08.2018.

**സർക്കുലർ**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത പ്രദേശങ്ങളിലെ വീട്ടുകളിലും സ്ഥാപനങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് രൂപീകരിക്കുന്ന വാർഡ് തല വോളന്റിയേഴ്സ് ടീമിൽ ഇലക്ട്രീഷ്യൻ, പ്ലംബർ എന്നിവരെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :- 19.08.2018 ലെ സ.ഉ (സാധാ) നം.2288/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

പ്രളയ ബാധിത പ്രദേശങ്ങളിലെ വീട്ടുകളിലും സ്ഥാപനങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് നിർദേശം നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വീട്ടുകളുടെയും സ്ഥാപനങ്ങളുടെയും ശുചീകരണത്തിനായി വാർഡ് തലത്തിൽ രൂപീകരിക്കേണ്ട വോളന്റിയേഴ് സ് ടീം സംബന്ധിച്ചും പ്രസ്തുത ടീം നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുമുള്ള നിർദേശങ്ങൾ പ്രസ്തുത ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രളയ ബാധിതപ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥലങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ഫീഡ് ബാക്ക് അനുസരിച്ച് വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും ഇലക്ട്രിക് / ഇലക്ട്രോണിക് ഉപകരണങ്ങൾക്കും, പൈപ്പ് ലൈനിനും മറ്റും വ്യാപകമായി കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി അറിയുന്നു. ആയതിനാൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള വാർഡുതല കമ്മറ്റികളിൽ ഓരോ പ്ലംബർമാരുടെയും, ഇലക്ട്രീഷൻമാരുടെയും സേവനം കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഇവർ വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും ഇലക്ട്രിക് / ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കുന്നതിനും കുടിവെള്ള പൈപ്പ് ലൈനുകളിലും , ടോയിലറ്റിലേക്കുള്ള ലൈനുകളിലും ആവശ്യമുള്ള അറ്റകുറ്റ പണികളും, ശുചീകരണ പ്രവർത്തനങ്ങളും നടത്തി ഉപയോഗയോഗ്യമാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്. കൂടാതെ ശുചീകരണപ്രവർത്തനങ്ങൾക്കിടയിൽ സംഭവിക്കാൻ സാധ്യതയുള്ള വൈദ്യുതാപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും വാർഡ് തല കമ്മറ്റിയിലുള്ള ഇലക്ട്രീഷ്യൻമാർ വഴി ഉറപ്പാക്കേണ്ടതാണ്.

ടി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരള മിഷൻ.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ / ചെയർപേഴ്സൺ / സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധീകരിക്കുന്നതിന്)

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ്

(സംസ്ഥാന സർക്കാരിന്റെ വെബ് സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ)യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.
അണ്ടർ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.